Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

# കേരള വാട്ടർ അതോറിറ്റി

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/JB/E6(B)/8122/2011

തീയതി: 24.01.2022

## സർക്കുലർ

വിഷയം:- കെഡബ്ല്യൂഎ - എസ്റ്റാ - 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങൾ - ഭൂസ്വത്തുക്കളും മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച 2021 ലെ പത്രിക സമർപ്പണം - ഓൺലൈൻ (ഇന്റർനെറ്റ്) വഴി , ജി സ്പാർക് മുഖേന സമർപ്പിക്കുന്നതിനുള്ള ,സമയപരിധി ദീർഘിപ്പിച്ചത് - സംബന്ധിച്ച്.

സൂചന :- 1.1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37.
2. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടം (ഭേദഗതി) - 2010.
3.ജി.ഒ.പി. നം.117/2021/ പി&എആർഡി, തീയതി :14.12.2010.
4.22.08.2012 തീയതിയിലെ 9795/സി2/ 2012/വിജി - ാം നമ്പർ സർക്കുലർ.
5.10.12.2020 തീയതിയിലെ 17157/ഇ 1/ 2020കെഡബ്ല്യൂഎ - ാം നമ്പർ സർക്കുലർ.
6 .26 .01 .2021 തീയതിയിലെ കെ ഡബ്ല്യൂ എ / ജെ ബി / ഇ 6 (ബി)/8122 / 2011 -സർക്കുലർ
7 .21 .12 .2021 തീയതിയിലെ കെ ഡബ്ല്യൂ എ /JB / E 6 (B )/ 8122 / 2011 -സർക്കുലർ

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടങ്ങളിലെ ചട്ടം 37 പ്രകാരം പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ ഒഴികെയുള്ള എല്ലാ ജീവനക്കാരും(ഓഫീസ് അറ്റന്റന്റ് ഉൾപ്പെടെ) ഓരോ വർഷവും ജനുവരി 15 - ാംതീയതിക്കകം മുൻ വർഷാവസാനത്തിൽ അവരുടെ കൈവശങ്ങളിലോ, അവർക്ക് മറ്റ് ഏതെങ്കിലും അവകാശത്തിലോ ഉള്ള സ്ഥാവര -ജംഗമ വസ്തുക്കളും(movable /immovable properties )മറ്റ് നിക്ഷേപങ്ങളും സംബന്ധിച്ച്ഓരോ പത്രിക സമർപ്പിക്കണമെന്ന് അനുശാസിക്കുന്നുണ്ട്.

24.01.2007 ലെ ജി.ഒ(എം.എസ്)32/ 2007/ പൊ.ഭ.വ. ഉത്തരവ് പ്രകാരം സ്വത്തു വിവരങ്ങൾ സംബന്ധിച്ച പത്രിക സമർപ്പണം - ഓൺലൈൻ വഴി (ഇന്റർനെറ്റ് മുഖേന) നടത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.കേരള വാട്ടർ അതോറിറ്റിയിൽ G SPARK സംവിധാനം നടപ്പാക്കിയ സാഹചര്യത്തിൽ ടി പത്രിക സമർപ്പിക്കാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ 2021 ലെ പത്രിക സമർപ്പണം 2022 ജനുവരി 15 നകം ഓൺലൈൻ വഴി നടത്തുവാൻ സൂചന (7) പ്രകാരം നിർദേശിച്ചിരുന്നു. ആയതു 31-01-2022 വരെ നീട്ടി നൽകിയതായി G - സ്പാർക്കിൽ നിന്നും അറിയിപ്പ് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ പത്രിക സമർപ്പിക്കുവാൻ ഉള്ള അവസാന തീയതി 31 -01- 2022 ആയി ദീർഘിപ്പിച്ചിരിക്കുന്നു .ആയതിനാൽ പത്രിക സമർപ്പിക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർ 2021 ലെ പത്രിക സമർപ്പണം 2022 ജനുവരി 31 നകം ഓൺലൈൻ മുഖേന നടത്തേണ്ടതാണ് .(കടലാസ് മുഖേനയുള്ള പത്രിക സമർപ്പണം സ്വീകരിക്കുന്നതല്ല). ഈ സമയപരിധി ഇനി ദീർഘിപ്പിച്ചു നൽകുന്നതല്ല.

SETHUKUMAR S
ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി & ജനറൽ)

പകർപ്പ്:-
1.എല്ലാ ഓഫീസ് മേധാവികർക്കും - ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യുന്നതിന്.
2.നോഡൽ ഓഫീസർ G SPARK.
3.ഔദ്യോഗിക വെബ്സൈറ്റ്.
4.Nodal officer DDFS - for necessary action in DDFS Home page

Draft #15 of File KWA/JB/E6(B)/8122/2011 Approved by Chief Engineer (HRD&GL) on 24-Jan-2022 03:42 PM - Page 1